Draft #19 of File 1095/AD AIII 4/2018/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 08-Dec-2023 03:42 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

പുറത്തെഴുത്ത് നം.1095/AD AIII 4/2018/AD A 3 തീയതി,08.12.2023

ജീവൻരക്ഷാ പദ്ധതി - 2024 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(അച്ചടി).നം.112/2023/ധന തീയതി 18/11/2023 ഉത്തരവ്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17)-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

അതുപ്രകാരം നിലവിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ചേരാൻ യോഗ്യരായ സർവകലാശാല ജീവനക്കാരുടെ വാർഷിക പ്രീമിയം തുക (1000/- രൂപ + ജി.എസ്.റ്റി.) 2023 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് കിഴിവ് നടത്തി 2023 ഡിസംബർ 31 നകം ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

BINOY A R
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /ഐ.റ്റി. സെൽ/അക്കൗണ്ട്സ് 1
7. എഫ്.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യു.എ.സി.
8. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #19 of File 1095/AD AIII 4/2018/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 08-Dec-2023 03:42 PM - Page 2

**'ഭരണഭാഷ-മാതൃഭാഷ'**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ജീവൻരക്ഷാ പദ്ധതി - 2024 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ(അച്ചടി)നം.112/2023/ധന** **തീയതി,തിരുവനന്തപുരം,18/11/2023**

പരാമർശം :- 1. സ.ഉ(പി) നം. 616/2010/ധന തീയതി 23/11/2010
2. സർക്കുലർ നം 57/2019/ധന തീയതി 30/05/2019
3. സ.ഉ(പി) നം. 17/2023/ധന തീയതി 22/02/2023
4. 17/10/2023 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/എം3/ഇ 355002 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം 1 ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത് മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, എസ്.എൽ.ആർ വിഭാഗം ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന നിക്ഷേപ/ വായ്പാ പിരിവുകാർ, അപ്രൈസർമാർ, വെറ്ററിനറി സർവകലാശാല ഫാമിലെ സ്ഥിരം ജീവനക്കാർ, മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള പത്തനംതിട്ട നിരണം ഡക്ക് ഫാമിലെ സ്ഥിരം തൊഴിലാളികൾ എന്നീ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം 3 പ്രകാരം ടി പദ്ധതി ജീവൻരക്ഷാ പദ്ധതി എന്നു പുനർനാമകരണം ചെയ്തുകൊണ്ട് 2023 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. അർഹതപ്പെട്ട എല്ലാ ജീവനക്കാർക്കും പ്രീമിയം 1,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട് . ജി.എസ്.റ്റി ബാധകമായ സ്ഥാപനങ്ങൾ ആയത് നേരിട്ട് ഒടുക്കു വരുത്തേണ്ടതുമാണ്. അപകടം സംഭവിച്ചിട്ടുള്ള മരണത്തിന് 15 ലക്ഷം രൂപയും, അപകടം അല്ലാതെയുള്ള മരണത്തിന് സമാശ്വാസ തുകയായി 5 ലക്ഷം രൂപയും, കമാന്റോ ഓപ്പറേഷൻ ഡ്യൂട്ടിക്കിടയിൽ സംഭവിയ്ക്കുന്ന അപകട മരണങ്ങൾക്ക് 20 ലക്ഷം രൂപയും ക്ലെയിം തുകയായി നൽകിവരുന്നു . നിലവിലുള്ള ജീവൻരക്ഷാ പദ്ധതിയുടെ കാലാവധി 31/12/2023 ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ടി പദ്ധതി 01/01/2024 മുതൽ 31/12/2024 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം 4 പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ ചുവടെ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പറയുന്ന ഭേദഗതികൾ കൂടി ഉൾപ്പെടുത്തി ജീവൻരക്ഷാ പദ്ധതി 01/01/2024 മുതൽ 31/12/2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

i) വാർഷിക പ്രീമിയം 1000/- രൂപ നിരക്കിൽ, അപകടം മൂലമുള്ള മരണത്തിന്റെ പരിരക്ഷ 15 ലക്ഷം രൂപയായും അപകടം അല്ലാതെയുള്ള മരണത്തിന്റെ പരിരക്ഷ 5 ലക്ഷം രൂപയായും തുടരുന്നതാണ്.

ii) ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോകൾക്കും, കോസ്റ്റൽ പോലീസ് ജീവനക്കാർക്കും 1000/- രൂപ പ്രീമിയം നിരക്കിൽ അപകടം മൂലമുള്ള മരണത്തിന് അനുവദിച്ചിട്ടുള്ള ക്ലെയിം തുക 15 ലക്ഷം രൂപയായും, കമാന്റോ ഓപ്പറേഷൻ ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകട മരണങ്ങൾക്ക് 20 ലക്ഷം രൂപയായും അപകടം അല്ലാതെയുള്ള മരണത്തിന് സമാശ്വാസ തുക 5 ലക്ഷം രൂപയായും തുടരുന്നതാണ് .

iii) GST ബാധകമായ സ്ഥാപനങ്ങൾ ആയതു കൂടി ഒടുക്കേണ്ടതാണ്.

iv) 2024 ജനുവരി മുതൽ 2024 ഡിസംബർ വരെയുള്ള പദ്ധതി കാലയളവിനുള്ളിൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നവർക്കും പദ്ധതിയുടെ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

v) പരാമർശം 3 ഉത്തരവിന്റെ ഖണ്ഡിക (10) ലെ പട്ടികയിൽ പരാമർശിച്ചിട്ടുള്ള അത്യാഹിതങ്ങൾക്ക് പുറമെ മറ്റ് അത്യാഹിതങ്ങളും കൂടി ചേർത്ത്, ആയവയ്ക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള വാഗ്ദത്ത തുകയുടെ നിശ്ചിത ശതമാനം നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ അനുവദിച്ച് 22/02/2023 ലെ മേൽപ്പടി ഉത്തരവിലെ ഖണ്ഡിക 10 ലെ പട്ടികയിൽ ചുവടെ കാണും പ്രകാരം ഭേദഗതി വരുത്തുന്നു.

| ജീവൻരക്ഷ - പരിരക്ഷ ആനുകൂല്യങ്ങൾ | | |
|---|---|---|
| 1 | അപകടമരണം | വാഗ്ദത്തതുകയുടെ 100% |
| 2 | 2 കൈ / 2 കാൽ /ഒരു കൈയും ഒരു കാലും / രണ്ട് കണ്ണിന്റെ കാഴ്ച /ഒരു കണ്ണിന്റെ കാഴ്ചയും ഒരു കൈയ്യോ കാലോ അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 100% |
| 3 | ഒരു കണ്ണിന്റെ കാഴ്ചയോ /ഒരു കൈയ്യോ /ഒരു കാലോ മാത്രം അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 50% |
| 4 | രണ്ട് ചെവികളുടേയും കേൾവി അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 50% |
| 5 | ഒരു ചെവിയുടെ കേൾവി അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 25% |
| 6 | ഒരു കൈപ്പത്തി /ഒരു കാൽ പാദം അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 40% |
| 7 | വിരലുകൾ അപകടത്തിൽ നഷ്ടപ്പെട്ടാൽ | |
| | a)ഒരു കൈയിലെ പെരുവിരൽ ഉൾപ്പെടെ 4 വിരലുകൾ അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 40% |
| | b)ഒരു കൈയിലെ പെരുവിരൽ ഉൾപ്പെടാതെ 4 വിരലുകൾ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 35% |

Draft #19 of File 1095/AD AIII 4/2018/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 08-Dec-2023 03:42 PM - Page 3

| | | |
|---|---|---|
| | c)പെരുവിരലിലെ രണ്ട് ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 25% |
| | d)പെരുവിരലിലെ ഒരു ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 10% |
| | (e) ചൂണ്ടുവിരലിലെ 3 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 10% |
| | (f) ചൂണ്ടുവിരലിലെ 2 ഭാഗം (phalanges )നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 8% |
| | (g) ചൂണ്ടുവിരലിലെ 1 ഭാഗം (phalanges )നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 4% |
| | (h) നടുവിരലിലെ 3 ഭാഗം (phalanges )നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 6% |
| | (i) നടുവിരലിലെ 2 ഭാഗം (phalanges )നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 4% |
| | (j) നടുവിരലിലെ 1 ഭാഗം (phalanges )നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 2% |
| | (k) മോതിര വിരലിലെ 3 ഭാഗം (phalanges )നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 5% |
| | (l) മോതിര വിരലിലെ 2 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 4% |
| | (m)മോതിര വിരലിലെ 1 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 2% |
| | (n) ചെറുവിരലിലെ 3 ഭാഗം (phalanges )നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 4% |
| | (o) ചെറുവിരലിലെ 2 ഭാഗം (phalanges )നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 3% |
| | (p) ചെറുവിരലിലെ 1 ഭാഗം (phalanges )നഷ്ടപ്പെട്ടാൽ | വാഗ്ദത്തുകയുടെ 2% |
| 8 | കാൽവിരലുകൾ നഷ്ടപ്പെട്ടാൽ | ഒരു വിരലിന് 2%<br><br>( വാഗ്ദത്തുകയുടെ പരമാവധി 10%) |
| 9 | അപകടത്തെ തുടർന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ ശതമാനാടിസ്ഥാനത്തിലുള്ള അംഗവൈകല്യം (disability ) | |
| | (a) 40%- 60% ഡിസബിലിറ്റി | വാഗ്ദത്തുകയുടെ 50% |
| | (b) 60%- 80% ഡിസബിലിറ്റി | വാഗ്ദത്തുകയുടെ 75% |
| | (c) 80% ൽ കൂടുതൽ ഡിസബിലിറ്റി | വാഗ്ദത്തുകയുടെ 100% |
| 10 | പെർമനന്റ് ടോട്ടൽ ഡിസബിലിറ്റി | വാഗ്ദത്തുകയുടെ 100% |

Draft #19 of File 1095/AD AIII 4/2018/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 08-Dec-2023 03:42 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല കേരളം

Draft #19 of File 1095/AD AIII 4/2018/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 08-Dec-2023 03:42 PM - Page 5

vi) 01/01/2024 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന പുതിയ ജീവനക്കാർക്ക് 2024 ലേക്കുള്ള ജീവൻ രക്ഷാ പദ്ധതി ബാധകമല്ല .

vii) 2024 വർഷത്തേയ്ക്കുള്ള പ്രീമിയം 2023 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ കിഴിവ് നടത്തി **2023 ഡിസംബർ 31 നകം ഇൻഷ്വറൻസ് & പെൻഷൻ ഫണ്ടിന് കീഴിൽ 8011-00-105-89 ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്**. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലായിരിക്കുന്നവർ, സസ്പെൻഷനിലുള്ളവർ മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ 2023 ഡിസംബർ 31 - നകം സ്വന്തം നിലയ്ക്ക് പ്രീമിയം തുക ഡി.ഡി.ഒ മുഖാന്തരമോ, നേരിട്ടോ 8011-00-105-89 എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

viii) ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷ്വറൻസ് പുതുക്കാതിരിക്കുന്നതു മൂലം ഉണ്ടാകുന്ന ബാദ്ധ്യത ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഉദ്യോഗസ്ഥർ/സെൽഫ് ഡ്രോയിംഗ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ജീവനക്കാരുടെ ശമ്പളം പിൻവലിക്കുവാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെമേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്.

ix) ജീവൻരക്ഷാ /ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെ തുടരുന്നതാണ് . എന്തെങ്കിലും തർക്കമുണ്ടാകുന്നപക്ഷം 1938-ലെ ഇൻഷ്വറൻസ് ആക്ടിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ഡി കൃഷ്ണപ്രിയ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം )**

**പകർപ്പ്:-**

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും തലവൻമാർക്കും

എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തലവൻമാർക്കും

എല്ലാ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്)

ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.

എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ.

രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്.)

സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

ചീഫ് സെക്രട്ടറി

സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും, മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.

മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരള, തിരുവനന്തപുരം.

സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.

വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്പാർക്ക്, പി.എം.യു – 1st ഫ്ലോർ, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം-695034

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E. 2590033)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #19 of File 1095/AD AIII 4/2018/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 08-Dec-2023 03:42 PM - Page 6